DESPATCHED
On...06/1/22

16/12/21

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം-695 001**
Email: sic.ker@nic.in

ഹർജി നമ്പർ **AP 1322(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.11480/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2021 ഡിസംബർ 16**

| | |
|---|---|
| ശ്രീ. തോമസ്കുട്ടി എം.റ്റി.,<br>മണക്കുന്നേൽ,<br>കുരിശുംമൂട് പി.ഒ.,<br>ചങ്ങനാശ്ശേരി, കോട്ടയം. | അപ്പീൽ ഹർജിക്കാരൻ |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അണ്ടർ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.<br>2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അക്കൗണ്ട്സ് ഓഫീസർ (ജനറൽ,ഇ,എഫ്), കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, വികാസ് ഭവൻ, തിരുവനന്തപുരം.<br>3. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, കാർമ്മൽ കോളേജ് മാള, തൃശ്ശൂർ.<br>4. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, ധനകാര്യ വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.<br>5. അപ്പീൽ അധികാരി & ജോയിന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 28.6.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 12.7.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 10.8.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 27.8.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 17.9.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 22.9.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 6.10.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 25.10.2021 |

# ഉത്തരവ്

ശ്രീ. തോമസ്കുട്ടി എം.റ്റി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്. ഹർജിക്കാരൻ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയിലും അപ്പീൽ അപേക്ഷയിലും ആവശ്യപ്പെട്ട പൂർണ്ണമായ വിവരങ്ങൾ ലഭിച്ചിട്ടില്ലെന്നാണ്.

2. 28.6.2021-ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

i. കാർമ്മൽ കോളേജിന് സർക്കാർ നോമിനിയെ അനുവദിച്ചു നൽകിയ No.D2/222/2020/H.Edu. dated 6.10.2020 നമ്പർ കത്തിന്റെ പകർപ്പ് നൽകണമെന്നും

ii. മേൽ 1-ൽ Ref: 1, 2, 3, 4 ഇവയുടെ പകർപ്പ് നൽകണമെന്നും

iii. മേൽ 1-ൽ പരാമർശിച്ചിരിക്കുന്ന the Government Nominee should ensure that the above vacancies are prevailing and to furnish a report to Government within one week from the date of meeting and also abide by the guidelines issued in the Circular cited. മേൽ പരാമർശ പ്രകാരം സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് നൽകണമെന്നും മറ്റുമായി 11 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 12.7.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, 1, 2, 4 & 8 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനായി പേജ് ഒന്നിന് 2/- രൂപ നിരക്കിൽ 7 പുറത്തിന് 14/- രൂപ ഒടുക്കി ചലാൻ ഹാജരാക്കണമെന്നും 11-ാം ഇനത്തിൽ ആവശ്യപ്പെട്ട തീർപ്പ് ഫയലിൽ കവറിംഗ് പേജ് ഉൾപ്പെടെ 10 പുറത്തിന് 20/-രൂപ ഒടുക്കി ചലാൻ ഹാജരാക്കണമെന്നും 3 & 6 എന്നീ ഇനത്തിന് അപേക്ഷയിൽ പരാമർശിച്ച റിപ്പോർട്ട് ടി വകുപ്പിൽ ലഭിച്ചതായി കാണുന്നില്ലെന്നും 5, 9 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ എസ്.പി.ഐ.ഒ യ്ക്ക് അപേക്ഷയുടെ പകർപ്പ് കൈമാറിയിട്ടുണ്ടെന്നും 7-ാം ഇനത്തിൽ ആവശ്യപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുന്നതിനായി ധനകാര്യ വകുപ്പിലെ എസ്.പി.ഐ.ഒയ്ക്ക് കൈമാറിയിട്ടുണ്ടെന്നും 10-ാം ഇനത്തിൽ ആവശ്യപ്പെട്ട അപേക്ഷയുടെ പകർപ്പ് വിവരം നൽകുന്നതിനായി മാള കാർമൽ കോളേജിലെ എസ്.പി.ഐ.ഒയ്ക്ക് കൈമാറിയിട്ടുണ്ടെന്നുമാണ്. ടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ

5–ാം എതിർകക്ഷിയ്ക്ക് അപ്പീൽ നൽകുകയുണ്ടായി. ടി അപ്പീൽ തീർപ്പാക്കി 27.8.2021 തീയതി നൽകിയ കത്തിനോടൊപ്പം 1. 2. 4, 8 & 11 എന്നീ രേഖകളുടെ പകർപ്പുകൾ മറുപടിയോടൊപ്പം നൽകിയതായി കാണുന്നു. കുടാതെ 3, 6 എന്നിവയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ കുടുതൽ ഒന്നും തന്നെ അപ്പീൽ അധികാരിക്ക് നൽകാനില്ലെന്നുമാണ്.

4. 5–ാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. തോമസ്കുട്ടി വിവരാവകാശ നിയമ പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പിന് നൽകിയ അപേക്ഷയിൽ മാള കാർമ്മൽ കോളേജിന് സർക്കാർ പ്രതിനിധിയെ അനുവദിച്ച് നൽകിയ 6.10.2020–ലെ D2/222/2020/H.Edu കത്തുമായി ബന്ധപ്പെട്ട വിവരങ്ങളും അനുബന്ധ വിവരങ്ങളുമാണ് ടിയാൻ ആവശ്യപ്പെട്ടിരുന്നത് എന്നും ടിയാൻ ആവശ്യപ്പെട്ടിരുന്ന 11 ഇനം വിവരങ്ങളിൽ എസ്.പി.ഐ.ഒയുടെ പക്കൽ ഉണ്ടായിരുന്ന പിരിവ് 1, 2, 4, 8, 11 പ്രകാരമുള്ള രേഖകൾ ടിയാന് 12.7.2021, 27.8.2021 എന്നീ തീയതികളിലെ ഡി2/319/2021/ഉവിവ കത്ത് പ്രകാരം നൽകിയിട്ടുണ്ടെന്നും മാത്രമല്ല ഒന്നാം എതിർകക്ഷി ഓഫീസിൽ ലഭ്യമല്ലാത്ത മറ്റ് രേഖകൾ നൽകുന്നതിനായി ബന്ധപ്പെട്ട എസ്.പി.ഐ.ഒമാർക്ക് അപേക്ഷയുടെ പകർപ്പ് നൽകിയിട്ടുണ്ടെന്നുമാണ്. ടിയാൻ ആവശ്യപ്പെട്ടതിൽ ടി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ അപേക്ഷകന് കൈമാറിയിട്ടുണ്ടെന്നും 3–ാം ഇനത്തിൽ ആവശ്യപ്പെട്ട പ്രകാരം സർക്കാർ പ്രതിനിധി ഇന്റർവ്യൂവിന് ശേഷം സർക്കാരിന് സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ പകർപ്പാണ് ആവശ്യപ്പെട്ടിരിക്കുന്നത് എന്നും എന്നാൽ ടി റിപ്പോർട്ട് ഒന്നാം എതിർകക്ഷി വകുപ്പിൽ ലഭിച്ചിട്ടില്ലെന്നും ടി വിവരം അപേക്ഷകനെ 12.7.2021–ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ടെന്നുമാണ്. 5–ാം ഇനത്തിൽ ആവശ്യപ്പെട്ട രേഖ ഒന്നാം എതിർകക്ഷി ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ ടി അപേക്ഷയുടെ പകർപ്പ് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ വിവരാവകാശ ഓഫീസർക്ക് കൈമാറിയിട്ടുണ്ടെന്നും 6–ാം ഇനത്തിൽ ടിയാൻ ആവശ്യപ്പെട്ടിരുന്നത് ടി വകുപ്പിൽ ലഭ്യമല്ലാത്ത രേഖയുടെ സംശയനിവാരണമായിരുന്നു എന്നും 7–ാം ഇനത്തിൽ ആവശ്യപ്പെട്ട രേഖയുടെ പകർപ്പ് നൽകുന്നതിനായി അപേക്ഷയുടെ പകർപ്പ് ധനകാര്യ വകുപ്പിലെ എസ്.പി.ഐ.ഒയ്ക്ക് കൈമാറിയിട്ടുണ്ടെന്നും 9, 10 ഇനങ്ങളിൽ ആവശ്യപ്പെട്ട രേഖകൾ ടി വകുപ്പിൽ ലഭ്യമല്ലാത്തതിനാൽ അപേക്ഷയുടെ പകർപ്പ് ബന്ധപ്പെട്ട എസ്.പി.ഐ.ഒ മാർക്ക് കൈമാറിയിട്ടുണ്ടെന്നും വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയിലും അപ്പീൽ അപേക്ഷയിലും പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്ന നിലയിലും അപ്പീൽ അധികാരി എന്ന നിലയിലും ആത്മാർത്ഥമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളതെന്നുമാണ്.

6. അപ്പീൽ ഹർജി, ബന്ധപ്പെട്ട രേഖകൾ, ഹർജിക്കാരൻ 2.12.2021-ന് കമ്മീഷൻ മുമ്പാകെ ലഭ്യമാക്കിയ സ്റ്റേറ്റുമെന്റ് എന്നിവ പരിശോധിച്ചതിൽ ടിയാന്റെ അപേക്ഷയിലെ 3, 4, 5, 6, 7, 9, 10, 11 എന്നീ പരിവുകൾക്ക് നൽകിയ മറുപടിയിലാണ് ഹർജിക്കാരൻ ആക്ഷേപം ഉന്നയിച്ചിരിക്കുന്നത് എന്ന് കാണുന്നു. എന്നാൽ ഏതെല്ലാം പിരിവുകൾക്ക് മറുപടി നൽകാൻ കഴിയുന്നതാണെന്ന് പരിശോധിക്കുന്നതിനായി എതിർകക്ഷികളേയും ഹർജിക്കാരനേയും വീഡിയോ കോൺഫറൻസ് മുഖേന നേരിൽ കേൾക്കുന്നതിന് ഫോൺ നമ്പർ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കമ്മീഷനിൽ നിന്നും നോട്ടീസ് അയച്ചിരുന്നതാണ്. എന്നാൽ ഫോൺ നമ്പർ ലഭ്യമാക്കുന്നതിന് പകരം ഹർജിക്കാരൻ 2.12.2021-ന് ഒരു സ്റ്റേറ്റുമെന്റ് കമ്മീഷനിൽ ഹാജരാക്കിയതല്ലാതെ ടിയാന്റെ ഫോൺ നമ്പർ ലഭ്യമാക്കിയിട്ടില്ല. അതുകൊണ്ടുതന്നെ ടിയാനെ നേരിൽ കേൾക്കാനും കമ്മീഷന് സാധിച്ചിട്ടില്ല. ആയതിനാൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ 2.12.2021-ലെ സ്റ്റേറ്റുമെന്റ് കമ്മീഷൻ സെക്രട്ടറി ഒന്നാം എതിർകക്ഷിക്ക് ഈ ഉത്തരവിനോടൊപ്പം അയച്ചു കൊടുക്കേണ്ടതും ആയത് ഒന്നാം എതിർകക്ഷി പരിശോധിച്ച് സ്റ്റേറ്റുമെന്റിൽ പറയും പ്രകാരം ലഭ്യമാക്കാൻ ബാക്കി നിൽപ്പുള്ള ലഭ്യമായ വിവരം വല്ലതുമുണ്ടെങ്കിൽ ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം സൗജന്യമായി ഹർജിക്കാരന് അയച്ചു കൊടുക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 ഡിസംബർ 16-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

bnk